

# തൂമ്പാക്കോട് സെന്റ് സെബാസ്റ്റ്യൻസ് ഇടവക

വിസ്തൃതമായ പരിയാരം ഇടവകയിലെ അംഗങ്ങളായിരുന്ന തൂമ്പാക്കോട് ക്രിസ്ത്യാനികൾ അവരുടെ ആദ്ധ്യാത്മികവും മതപരവുമായ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത് പരിയാരം സെന്റ് ജോർജ്ജ് പള്ളിയിലാണ്.

## സ്ക്കൂൾ, കുരിശുപള്ളി

പരിയാരം പള്ളിവക പ്രൈമറി സ്ക്കൂളിന്റെ ഒരു ശാഖ ആദ്യകാലങ്ങളിൽത്തന്നെ സൗകര്യാർത്ഥം ഇവിടെ ആരംഭിച്ചു. ഇതിനിടെ ക്രൈസ്തവ കുടുംബങ്ങളുടെ അംഗസംഖ്യ വർദ്ധിച്ചതിനാൽ 1942-ൽ സ്ക്കൂളിന്റെ രണ്ടുമുറികൾ താത്ക്കാലികമായി പള്ളിയായി രൂപാന്തരപ്പെടുകയും അന്നത്തെ പരിയാരം പള്ളി വികാരിയായിരുന്ന ബഹു. സേവ്യർ അക്കരയച്ചൻ ഇവിടെവന്ന് മാസത്തിൽ ഒരു കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. അത് പരിയാരം പള്ളി വികാരിയുടെ മേൽനോട്ടത്തിൽ തുടർന്നുപോന്നു. 1954-ൽ പരിയാരം പള്ളിയിൽ ബഹു. ജോർജ്ജ് അക്കരയച്ചൻ വികാരിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ സഹവികാരിയും പരിയാരം കർമ്മലീത്താമഠത്തിന്റെ കപ്പോനുമായിരുന്ന ബഹു. ജോർജ്ജ് പാനികുളം അച്ചൻ എല്ലാ ഞായറാഴ്ചകളിലും ഇവിടെവന്ന് കുർബാന ചൊല്ലിത്തുടങ്ങി. തൂമ്പാക്കോടിന്റെ വികസനത്തിനുവേണ്ട കർമ്മപരിപാടികളെപ്പറ്റി ആലോചിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ക്രമേണ പരിയാരം പള്ളിയുടെ നടത്തുപള്ളിയാക്കുകയും അക്കൊല്ലംതന്നെ സിമിത്തേരി പണിയുകയും ചെയ്തു. 1958-ൽ പള്ളിയുടെ സ്ഥലസൗകര്യാർത്ഥം ഒരു സൈഡ് വിങ്ങ് പണിയുകയുണ്ടായി.

## വൈദികമന്ദിരം

തൂമ്പാക്കോട് പള്ളിയുടെ പ്രത്യേക മേൽനോട്ടച്ചുമതലയോടുകൂടി 1959-ൽ പരിയാരം പള്ളിയുടെ സഹവികാരിയായി നിയമിതനായ ബഹു. സിറിയക് അമ്പൂക്കൻ അച്ചൻ ഇവിടെ ഒരു വൈദിക മന്ദിരം പണിയുകയും 1961-ൽ വെഞ്ചിരിച്ച് താമസമാക്കുകയും ചെയ്തു.

## ദേവാലയം, ഇടവക

ബഹു. സിറിയക് അമ്പൂക്കനച്ചന്റെ നേതൃത്വത്തിൽ 1962-ൽ തൂമ്പാക്കോട് വി. സെബസ്ത്യാനോസിന്റെ നാമധേയത്തിൽ പുതിയ പള്ളിക്ക് ശിലാസ്ഥാപനം നടത്തി പണിയാരംഭിച്ചു. തുടർന്ന് 30.3.1963-ൽ ചാർജ്ജെടുത്ത ബഹു. ആന്റണി തെക്കിനിയത്ത് അച്ചന്റെ കാലത്ത് പണി പൂർത്തി

യാക്കി. 1964-ൽ തൃശ്ശൂർ രൂപതാമെത്രാൻ അഭിവന്ദ്യ ജോർജ്ജ് ആലപ്പാട്ട് പിതാവ് വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു. DL 4/66;23.4.66 നമ്പർ കൽപനപ്രകാരം തൂമ്പാക്കോട് പള്ളി അന്നേ ദിവസം ഇടവകയായി തീർന്നു. 1.9.1964-ൽ ഇവിടെ പ്രോ-വികാരിയായി സേവനം ആരംഭിച്ച ബഹു. ജോൺ എടാട്ടുകാരൻ അച്ചനാണ് തൂമ്പാക്കോട് ഇടവകയുടെ പ്രഥമ വികാരി.

## സെന്റ് ജോർജ്ജ് യു.പി. സ്ക്കൂൾ

മാതൃഇടവകയായ പരിയാരം പള്ളിയുടെ സെന്റ് ജോർജ്ജസ് സ്ക്കൂളിന്റെ ശാഖയായി 1927 ജൂൺ 1-ാം തിയ്യതി ഒന്ന്, രണ്ട് ക്ലാസ്സുകളോടെ രണ്ടു ഡിവിഷനായി വേളൂക്കര എന്ന സ്ഥലനാമത്തോടു കൂടി ആരംഭിച്ച സ്ക്കൂൾ കാലാന്തരത്തിൽ ഉന്നത നിലവാരം പുലർത്തിയ എൽ.പി. സ്ക്കൂളാവുകയും 1976-ൽ ബഹു. സൈമൺ എടക്കളത്തൂർ അച്ചൻ വികാരിയായിരുന്ന കാലത്ത് യു.പി. സ്ക്കൂളായിത്തീരുകയും ചെയ്തു. ഇന്ന് 1 മുതൽ 7 വരെ ക്ലാസ്സുകളിൽ ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി 13 ഡിവിഷനുകളും 15 അധ്യാപകരുമായി സെന്റ് ജോർജ്ജസ് യു.പി. സ്ക്കൂൾ നിലകൊള്ളുന്നു.



സെന്റ് ജോർജ്ജ് യു.പി. സ്ക്കൂൾ

## പള്ളിയുടെ നവീകരണം

ബഹു. പോൾ തോപ്പിലച്ചൻ വികാരിയായിരുന്നപ്പോൾ തൂമ്പാക്കോട് പള്ളിയ്ക്ക് നടപ്പുര പണിയിച്ചു. ബഹു. വിൻസെന്റ് ചാലിശ്ശേരിയച്ചൻ പള്ളിയുടെ മുഖവാരി നിലനിർത്തിക്കൊണ്ട് മറ്റു ഭാഗങ്ങളെല്ലാം 1990-ൽ പുതുക്കിപ്പണിയുകയും പള്ളിയകത്ത് മാർബിൾ വിരിച്ച് മനോഹരമാക്കുകയും ചെയ്തു. പള്ളിയ്ക്ക് ഗ്രൗണ്ടിനുവേണ്ടി ത്യാഗപൂർവ്വം പരിശ്രമിച്ചവരാണ് ബഹു. പോൾ മംഗലൻ അച്ചനും, ബഹു. ജെയിംസ് കവലക്കാട്ട് അച്ചനും.

## ചാരിറ്റി കോൺവെന്റ്

ബഹു. ജോസ് പന്തല്ലൂക്കാരനച്ചൻ ഇവിടെ വികാരിയായിരുന്നപ്പോൾ 1992 ഫെബ്രുവരി 2-ാം തിയ്യതിയാണ് ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ ഒരു കോൺവെന്റ് ഇവിടെ സ്ഥാപിതമായത്. സന്യാസപരിശീലന ഭവനം കൂടിയാണിത്. അദ്ധ്യാപനവും ഇതര സേവനങ്ങളുംവഴി ബഹു. സിസ്റ്റേഴ്സ് ഇടവകയോട് സഹകരിച്ച് മുന്നേറുന്നു.



ചാരിറ്റി കോൺവെന്റ്



ചാരിറ്റി നേഴ്സറി

## അസി. വികാരിമാർ

ഈ ഇടവകയുടെ പരിധിയിലായിരുന്ന പൂവ്വത്തിങ്കൽ പള്ളി ഇടവകയായതിനുശേഷം ഏതാനും വർഷം ഇവിടെനിന്ന് തന്നെയാണ് നടത്തിയിരുന്നത്. പിന്നീട് മുനിപ്പാറ പള്ളിയുടെ പണി നടന്നിരുന്ന കാലഘട്ടത്തിൽ സൗകര്യാർത്ഥം 1993 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ ഇവിടേയ്ക്ക് തുടർച്ചയായി മൂന്ന് സഹവികാരിമാരെ നിയമിക്കുകയുണ്ടായി.

## പുതിയ വൈദികമന്ദിരം, കപ്പേളകൾ

പഴക്കംമൂലം ജീർണ്ണാവസ്ഥയിലായിരുന്ന വൈദികമന്ദിരം പൊളിച്ച് ഇന്ന് കാണുന്ന വൈദികമന്ദിരവും അതോടനുബന്ധിച്ച് കാര്യാലയവും പണിയിച്ചത് ബഹു. പോൾ ചെറുവത്തൂർ അച്ചന്റെ (2004-2007) ഉത്സാഹത്താലാണ്. 9.4.2005-ൽ ആയിരുന്നു ആശീർവാദകർമ്മം. സിമിത്തേരിയിൽ പുതിയ കപ്പേള നിർമ്മിച്ചതും അന്ത്രക്കാംപാടത്ത് ലൂർദ്ദ് മാതാ കപ്പേള പണികഴിപ്പിച്ചതും ഇതേ കാലഘട്ടത്തിലാണ്. 1957-ൽ സെന്റ് ആന്റണീസ് കപ്പേള പണിതു. ഇടവകയുടെ വടക്കുപടിഞ്ഞാറെ അതിർ



സെന്റ് ആന്റണീസ് കപ്പേള
വേളൂക്കര



ലൂർദ്ദ്മാതാ കപ്പേള
അന്ത്രക്കാംപാടം

ത്തിയിൽ, ചെറുപുഷ്പം യൂണിറ്റിൽ സംഭാവനയായി ലഭിച്ച 5 സെന്റ് സ്ഥലത്ത് ഒരു കപ്പേള പണിയുന്നതിനുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

## കുടുംബസമ്മേളനം, സംഘടനകൾ

ഇടവകയിലെ 11 കുടുംബസമ്മേളന യൂണിറ്റുകൾ കുടുംബസമ്മേളന കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. 19.5.1995-ൽ പ്രസിദ്ധീകരിച്ചു തുടങ്ങിയ ഇടവകയുടെ മുഖപത്രമായ 'പാരിഷ് ബുള്ളറ്റിൻ' എല്ലാ മാസവും കൃത്യമായി പ്രസിദ്ധീകരിക്കുന്നു.